**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3796** **27-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സൗജന്യ വൈഫൈ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ ഫൈ പദ്ധതിയിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രത്യേക കണക്ഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (എ) | വിവര സാങ്കേതിക വിദ്യയുടെ അനേകമനേകം ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും വിവരങ്ങളും അനുബന്ധ കാര്യങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈഫൈ പദ്ധതിയാണ് കെ-ഫൈ. എല്ലാ ജില്ലകളിലെയും ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്ത ബസ്റ്റാൻഡുകൾ, ജില്ലാ ഭരണകേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ, വായനശാലകൾ മുതലായ ഇടങ്ങളിൽ ആണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രയോജനം വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാകുന്നതാണ്. |
| (ബി) | എങ്കിൽ ഇതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനും കണക്ഷൻ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | വിവര സാങ്കേതിക വിദ്യയുടെ അനേകമനേകം ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും വിവരങ്ങളും അനുബന്ധ കാര്യങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈഫൈ പദ്ധതിയാണ് കെ-ഫൈ. എല്ലാ ജില്ലകളിലെയും ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്ത ബസ്റ്റാൻഡുകൾ, ജില്ലാ ഭരണകേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ, വായനശാലകൾ മുതലായ ഇടങ്ങളിൽ ആണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രയോജനം വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സൗജന്യ വൈഫൈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെയും ആയതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച ആനുകൂല്യങ്ങളുടെയും വിശദാംശം നൽകാമോ? | (സി) | സൗജന്യ വൈ-ഫൈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 36,52,05,341/- രൂപ (മുപ്പത്തിയാറ് കോടി അൻപത്തി രണ്ടു ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ആനുകൂല്യങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ